"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ആലപ്പുഴ, എറണാകുളം, തൃശൂർ ,കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.165/2025/F&P തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. ചേർത്തല വടക്കൻ മേഖലയിൽ കരിനിലങ്ങളിൽ 'ഒരു നെല്ലും ഒരു മീനും പദ്ധതി'യുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04/09/2024-ന് വൈകുന്നേരം 4 മണിക്ക് ഓൺലൈനായി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. ഫിഷറീസ് ഡയറക്ടറുടെ 15/02/2025 തീയതിയിലെ DFTVM/865/2019-C1 നമ്പർ കത്ത്.

**ഉത്തരവ്**

ചേർത്തല വടക്കൻ മേഖലയിൽ കരിനിലങ്ങളിൽ 'ഒരു നെല്ലും ഒരു മീനും പദ്ധതി'യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ പൊക്കാളി കൈപ്പാട് പാടശേഖരങ്ങളിൽ നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങൾ കൃഷി & ഫിഷറീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി കണ്ടെത്തുന്ന പാടങ്ങളിൽ ജില്ലാ കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു. നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി" നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന സംയുക്ത പരിശോധനാ വേളയിലും തുടർന്ന് മത്സ്യകൃഷി നടത്തുന്ന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും കൃഷി, ഫിഷറീസ്, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും തീരുമാനിച്ചിരുന്നു. പരാമർശം (1) പ്രകാരം ഫിഷറീസ് ഡയറക്ടർ സമിതി രൂപീകരിക്കാനുള്ള പ്രൊപോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങളിൽ "ഒരു നെല്ലും ഒരു മീനും പദ്ധതി" നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധനാ വേളയിലും തുടർന്ന് മത്സ്യകൃഷി നടത്തുന്ന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന്

ആലപ്പുഴ, എറണാകുളം, തൃശൂർ , കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകളിലേക്ക് താഴെ പറയും പ്രകാരം സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1 | ജില്ലാ കളക്ടർ - ചെയർമാൻ |
| 2 | പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ - അംഗം |
| 3 | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് - അംഗം |
| 4 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ - അംഗം - കൺവീനർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
കൃഷി വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 05-03-2025 15:41:18